നെൽവയലുകൾ നികത്തിയ സ്ഥലത്തെ കൃഷിനശിപ്പിച്ച സംഭവം

(364) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

ചോദ്യം (363) ന്റെ ഉത്തരം ലഭ്യമായിട്ടില്ല.

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നെൽവയലുകൾ നികത്തി മറ്റുകൃഷികൾ ചെയ്ത സ്ഥലത്തെ കൃഷി എവിടെയെല്ലാം കേരളാ സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയന്റെ അഭിമുഖ്യത്തിൽ വെട്ടിനശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലത്ത് വയലിൽ മത്സ്യകൃഷി നടത്തിയതിന്റെ പേരിൽ എത്ര മത്സ്യക്കുളങ്ങളുടെ ബണ്ടുകൾ വെട്ടിമുറിച്ച് കൃഷി നശിപ്പിച്ചിട്ടുണ്ട്;

(സി) ഈ സംഭവങ്ങളെത്തുടർന്ന് ബന്ധപ്പെട്ട കർഷകർക്ക് എന്തുതുകയുടെ നഷ്ടം വന്നിട്ടുണ്ട്;

(ഡി) ഇവർക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുക എന്ന് വെളിപ്പെടുത്തുമോ;

(ഇ) കൃഷി നശിപ്പിക്കുകയും മത്സ്യങ്ങളെ തുറന്നുവിടുകയും ചെയ്തവരുടെ പേരിൽ കേസ്സെടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സമഗ്ര പച്ചക്കറി ഉൽപ്പാദന പദ്ധതി

(367) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം എത്രടൺ പച്ചക്കറി കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പച്ചക്കറിയുടെ കാര്യത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാനുതകുന്ന പുതിയ പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ബയോ ടെക്നോളജി പ്രയോജനപ്പെടുത്തി ഒരു സമഗ്ര പച്ചക്കറി ഉൽപ്പാദനപദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ)&(ബി) പച്ചക്കറി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997 നവംബർ മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 1997-98-ൽ 2.3 ലക്ഷം ടൺ പച്ചക്കറിയും 1998-99 ൽ 3.65 ലക്ഷം ടൺ പച്ചക്ക

LIBRARY ARCHIVES Kerala Legislative Assembly